**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232** **12-02-2024 - ൽ മറുപടിയ്ക്ക്**

**പെരിട്ടോണിയൽ ഡയാലിസിസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആശുപത്രികളിൽ പോകാൻ കഴിയാത്ത രോഗികൾക്ക് വീട്ടിൽ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി എത്ര ജില്ലകളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. 626 പേർക്ക് ഈ പദ്ധതിയുടെ സേവനം നിലവിൽ ലഭ്യമാക്കുന്നുണ്ട്. ഓരോ ജില്ലയിലേയും ഒരു പ്രധാന ആശുപത്രി കേന്ദ്രീകരിച്ചാണ് പെരിട്ടോണിയൽ ഡയാലിസിസിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. ജീവനക്കാർക്ക് പെരിട്ടോണിയൽ ഡയാലിസ്സിസിൽ വിദഗ്ധ പരിശീലനം നൽകുകയും ആശുപത്രികളിൽ ഇതു സംബന്ധമായ ബോധവത്കരണ ക്ലാസുകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. പെരിട്ടോണിയൽ ഡയാലിസിസിന് ആവശ്യമായ ഡയാലിസ്സിംഗ് ഫ്ലൂയിഡും, മറ്റ് അനുബന്ധ ഉപകരണങ്ങളും രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 82 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| (സി) | ഇതിന് സർക്കാർ എത്ര ഫണ്ട് ആണ് ഇതുവരെ വിനിയോഗിച്ചതെന്ന് വിശദമാക്കാമോ? | (സി) | പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>2022-23 – 4.5 കോടി രൂപ<br>2023-24 – 7 കോടി രൂപ<br>2023-24 വർഷത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 4.9 കോടി രൂപ കൂടി ഈ പദ്ധതിയുടെ വിനിയോഗത്തിന് ഉത്തരവായിട്ടുണ്ട്. ഇതിൽ പാലക്കാട് ജില്ലക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ